# ഗവ: എൽ.പി സ്കൂൾ
# പെരിന്തട്ട സൗത്ത്




## അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025–26

# അറിഞ്ഞു വായിക്കാം

**ആമുഖം**

വായന മനുഷ്യനെ പൂർണ്ണനാക്കുന്നു. അറിഞ്ഞു വായിക്കുമ്പോഴാണ് വായന നമുക്ക് ആസ്വാദ്യമാകുന്നത്. ഈ ആസ്വാദ്യത ചെറുപ്പത്തിലേ ശീലിക്കേണ്ടത് തന്നെ. എന്നാൽ എല്ലാവർക്കും അത് ചെയ്യാൻ പറ്റുന്നുണ്ടോ എന്നത് ചിന്തിക്കേണ്ടതാണ്. ക്ലാസ് മുറികളിൽ വായനയുടെ പല ഘട്ടങ്ങളിലൂടെ കുട്ടികൾ കടന്നുപോകുന്നുണ്ടെങ്കിലും പലപ്പോഴും ആശയ ഗ്രഹണത്തോടുള്ള വായനയുടെ കാര്യത്തിൽ ചില കുട്ടികളെങ്കിലും പ്രയാസപ്പെടുന്നതായി നമുക്ക് കാണാം. ഈ പ്രയാസത്തിന് ബുദ്ധിപരമായ കുട്ടികളുടെ വളർച്ചയിൽ ഉണ്ടാകുന്ന അസ്വാഭാവിക വ്യതിയാനങ്ങൾ കാരണമാകാം. എന്നാൽ അതല്ലാത്ത കാരണങ്ങളും ഉണ്ടാകും. അത്തരം കാരണങ്ങൾ നമുക്ക് വളരെ നേരത്തെ മനസ്സിലാക്കി പരിഹരിക്കാനുമാകും.

നമ്മുടെ ജീവിതത്തിന്റെ സ്വതസിദ്ധമായ ഒഴുക്കിന് കോവിഡ് ഉണ്ടാക്കിയ താളപ്പിഴകൾ എത്രയെന്ന് പറഞ്ഞറിയിക്കാൻ പറ്റില്ല. അത് കുട്ടികളിൽ അവരുടെ സ്വഭാവരീതികളിൽ, പഠനത്തിൽ ഉണ്ടാക്കിയ ആഘാതം എത്രയോ വലുതാണ്. കോവിഡ് കാലത്ത് പഠനം ഓൺലൈനിൽ ആയതും ഇലക്ട്രോണിക് ഗാഡ്ജറ്റുകൾ അവരുടെ കയ്യിൽ കൂടുതൽ സ്വാതന്ത്ര്യത്തോടെ എത്തിപ്പെട്ടതും ഒക്കെ വായനയെ അറിഞ്ഞു വായനയെ ബാധിച്ചിട്ടുണ്ട്.

കൂടുതൽ നേരം പുസ്തകങ്ങളുടെ മുന്നിൽ ഇരിക്കാനുള്ള ക്ഷമയില്ലായ്മ, വേഗത്തിൽ വായിക്കാൻ പറ്റാതിരിക്കുക, വായിച്ച ഭാഗത്തെ പദങ്ങളുടെ അർത്ഥം അറിയാതിരിക്കുക, വിവിധ വാക്യങ്ങളുടെ അർത്ഥം പൂർണമായി മനസ്സിലാക്കാൻ പറ്റാതിരിക്കുക, വാക്യങ്ങളുടെ ബന്ധം, തുടർച്ച ഇവ ഇല്ലാതിരിക്കുക എന്നിവയൊക്കെ വായന പ്രയാസമുള്ളതാക്കുന്നു.

ക്ലാസ് മുറികളിലെ ഈയൊരു പ്രതിസന്ധി മറികടക്കുവാനുള്ള ശ്രമമാണ് ഈ പ്രോജക്ട്.

**ലക്ഷ്യങ്ങൾ**

1. പ്രധാന ആശയങ്ങൾ കാര്യകാരണ ബന്ധത്തോടെ മനസ്സിലാക്കി ഖണ്ഡികയുടെ അർത്ഥം മനസ്സിലാക്കുന്നു.
2. മുന്നറിവ്, അനുഭവം, വീക്ഷണം ഇവ വച്ച് ഖണ്ഡികയെ വ്യാഖ്യാനിക്കുന്നു.

3. ഖണ്ഡികയെ അപഗ്രഥിച്ച് പുതിയ ആശയങ്ങൾ, അർത്ഥങ്ങൾ ഇവ കണ്ടെത്തുന്നു.
   i. ഖണ്ഡിക വായിച്ച് ചെറു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയുന്നു.
   ii. അപഗ്രഥിച്ച് ഉത്തരം എഴുതേണ്ട ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയുന്നു.
   iii. ഖണ്ഡിക സ്വതന്ത്രമായി ചോദ്യങ്ങൾ കണ്ടെത്തുന്നു.

## പ്രശ്നം കണ്ടെത്തിയ രീതി, പ്രീ ടെസ്റ്റ്

പാദവാർഷിക, അർദ്ധവാർഷിക, വാർഷിക പരീക്ഷകൾ, ക്ലാസ് ടെസ്റ്റുകൾ ഇവ നടക്കുമ്പോൾ ചില കുട്ടികൾക്ക് ചോദ്യങ്ങൾ വിശദീകരിച്ചു കൊടുക്കേണ്ടിവരുന്നു, അപഗ്രഥനാത്മക ചോദ്യങ്ങൾക്ക് ചില കുട്ടികൾ പ്രതികരിക്കുന്നില്ല തുടങ്ങിയ പ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് ഈ പ്രോജക്ട്.

അത്തരം കുട്ടികളെ കണ്ടെത്തുന്നതിനായി പ്രീ ടെസ്റ്റ് നടത്തി. ഓരോ ക്ലാസിനും(രണ്ടു മുതൽ നാലു വരെ) അനുയോജ്യമായ ഖണ്ഡികകൾ കണ്ടെത്തി നൽകി.

## പ്രവർത്തന ഘട്ടങ്ങൾ

### <u>ഘട്ടം 1</u>

**1. Practice Active Listening**

കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധ നൽകുന്നു. അധ്യാപകൻ പാഠഭാഗങ്ങൾ വായിക്കുമ്പോൾ facial expression, nodding the head, കുട്ടികൾ വായിക്കുമ്പോൾ good, I see തുടങ്ങിയ positive response ഇവയിലൂടെ Active Listening ഉറപ്പു വരുത്തുന്നു.

Yes/No ഉത്തരങ്ങൾ വരുന്ന ചെറുചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ അവരുടെ ആശയങ്ങൾ പറയുന്ന വേളയിൽ തടസ്സപ്പെടുത്തുന്നില്ല.

2. **Games and Activities**

ശ്രദ്ധ കൂട്ടാനുതകുന്ന വിവിധ Games and Activities ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ തുടക്കത്തിലോ ഇടയിലോ നൽകുന്നു. (Hello English Activities) or മലയാളം ഭാഷാ കേളികൾ.

3. **Read aloud**

പഠന പ്രക്രിയയുടെ ഭാഗം തന്നെയാണ് loud reading ടീച്ചറുടെ ഉച്ചത്തിലുള്ള വായനയ്ക്കു ശേഷം കുട്ടികളുടെ അവസരം വരുമ്പോൾ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു. വായനാവേളയിൽ തന്നെ ആവശ്യമായ ഇടപെടലുകൾ നടത്തുന്നു.

4. **Active Reading**

പാഠഭാഗങ്ങൾ വായിച്ചു തീരുമ്പോൾ ചോദ്യങ്ങൾ ചോദിക്കുന്നു. വായിച്ച ഭാഗത്തെക്കുറിച്ച് ചർച്ചകൾ നടത്തുന്നു. പ്രധാന ആശയങ്ങൾ കണ്ടെത്താൻ ലീഡ് ചെയ്യുന്നു. വായനയ്ക്ക് പ്രയാസമുള്ള കുട്ടികളെ Target ചെയ്യുന്നു.

5. **Vocabulary Building**

പാഠഭാഗത്തെ കാഠിന്യമുള്ള പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നു. glossary, dictionary ഉപയോഗം നിർബന്ധമാക്കുന്നു. പ്രത്യേക പുസ്തകങ്ങൾ തയ്യാറാക്കുന്നു. Target Group ന് പ്രത്യേകം assignment നൽകുന്നു.

6. **Discussion**

പഠനപ്രവർത്തനങ്ങളിൽ ക്ലാസ്സ്റൂമുകളിൽ സാധാരണയായി ചെയ്യുന്ന പ്രവർത്തനമാണ് ഗ്രൂപ്പുചർച്ചകൾ. വ്യത്യസ്ത ഗ്രൂപ്പുകളാക്കി ചർച്ച നടത്തണം. കണ്ടെത്തിയ ആശയങ്ങൾ ക്ലാസ്സിനുമുമ്പാകെ അവതരിപ്പിക്കണം. പ്രയാസമുള്ള കുട്ടികൾക്ക് ചുമതലകൾ നൽകുന്നു.

7. **Feedback**

ചർച്ചകൾക്കു ശേഷം അവരുടെ ആത്മവിശ്വാസം ഉയർത്തുന്ന രീതിയിൽ അധ്യാപകൻ ഇടപെടുന്നു. ഫീഡ്ബാക്ക് നൽകുന്നു.

8. **Independent Reading**

വിശ്രമ സമയങ്ങളിൽ സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുന്നു. ഈ ഘട്ടത്തിൽ വായനയുമായി ബന്ധപ്പെട്ട് അസൈൻമെന്റുകൾ നൽകുന്നില്ല.

**9. ഐ.ടി സാധ്യതകൾ**

ബന്ധപ്പെട്ട വീഡിയോകൾ, ചിത്രങ്ങൾ അവസരത്തിനനുസരിച്ച് കാണിച്ചുകൊടുക്കുന്നു.

**ഘട്ടം രണ്ട്**

**1. Summerization**

സമ്മറി വായനക്ക് ശേഷം ടാർഗറ്റുകൾ ഈ ഘട്ടത്തിലാണ് നൽകുന്നത് പ്രധാന ആശയങ്ങൾ കണ്ടെത്തി അവരുടെതായ ഭാഷയിൽ വായിച്ച ഭാഗങ്ങൾ ചുരുക്കി എഴുതാൻ ആവശ്യപ്പെടുന്നു.

**2. Questioning**

വ്യത്യസ്ത നിലവാരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. യുക്തിചിന്തയിലൂടെ ഉത്തരങ്ങൾ സമർത്ഥിക്കുവാനുള്ള അവസരം നൽകുന്നു.

**3. Make Correction**

വായിച്ച ഭാഗത്തെ വരികളുടെ തുടർച്ച, വരികൾ തമ്മിലുള്ള ബന്ധം ഇവ കണ്ടെത്താൻ പറയുന്നു. മറ്റു വായിച്ച സന്ദർഭങ്ങൾ, സ്വാനുഭവങ്ങൾ ഇവയുമായി ബന്ധപ്പെടുത്തി ചിന്തിക്കുവാനുള്ള അവ സന്ദർഭങ്ങൾ നൽകുന്നു.

**ചുമതല**

നമ്മുടെ സ്കൂളിൽ 4 അധ്യാപകരാണ് ഉള്ളത്. എല്ലാ അധ്യാപകരും ഭാഷ കൈകാര്യം ചെയ്യുന്നു. ഭാഷാ ക്ലാസുകളിൽ ക്ലാസ് റൂം പ്രവർത്തനങ്ങളോട് ചേർന്ന് പ്രോജക്റ്റുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അവരെ ചുമതലപ്പെടുത്തി. പ്രവർത്തനങ്ങളുടെ ഏകോപനത്തിനുള്ള ചുമതല SRG കൺവീനർക്കാണ്. സ്കൂൾ ഹെഡ്മാസ്റ്റർ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവഹിക്കും

**അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | GLPS പെരിന്തട്ട സൗത്ത് |
| ബി.ആർ.സി | : | പയ്യന്നൂർ |
| SRG കൺവീനർ | : | രമ്യ.എം.വി |
| ഹെഡ്മാസ്റ്റർ | : | വത്സരാജൻ നായർ കെ |
| ടാർജറ്റ് ഗ്രൂപ്പ് | : | മുഴുവൻ കുട്ടികളും |

പ്രീ ടെസ്റ്റിനും ഇടക്കാല വിലയിരുത്തലിനും പോസ്റ്റ് ടെസ്റ്റിനുമുള്ള ചോദ്യങ്ങൾ ബന്ധപ്പെട്ട അധ്യാപകർ തയാറാക്കും. ചോദ്യങ്ങളുടെ ഏകോപനം, പ്രിന്റ് എന്നിവയുടെ ചുമതല രമ്യ ടീച്ചർക്കു നൽകി. വിവിധ ക്ലാസുകളിലെ ടെസ്റ്റുകളുടെ മേൽനോട്ടം, സമയക്രമം ഇവയുടെ ചുമതല അതാതു ക്ലാസ്സ് ടീച്ചർക്കും നൽകി.

**പ്രവർത്തന കലണ്ടർ**

**പ്രീ ടെസ്റ്റ്**

July 1-15
July 15-31
Aug 1-31
Sept 1-30

ഘട്ടം ഒന്നിൽ പറഞ്ഞ പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങളോടു ഉൾച്ചേർത്തുകൊണ്ട് അവതരിപ്പിക്കും.

**ഇടക്കാല വിലയിരുത്തൽ**

ഇടക്കാല വിലയിരുത്തനായി ഓരോ ക്ലാസിനും അനുസരിച്ചുള്ള നിലവാരത്തിലുള്ള ചോദ്യങ്ങൾ/ടൂളുകൾ തയ്യാറാക്കണം.

**പോസ്റ്റ് ടെസ്റ്റ്**

Oct 1-31
Nov 1-30
Nov 15-30

ഘട്ടം രണ്ടിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ.

പോസ്റ്റ് ടെസ്റ്റ് പോസ്റ്റ് ടെസ്റ്റിനുള്ള ടൂളുകൾ തയ്യാറാക്കണം

**സാമ്പത്തിക വിശകലനം**

പ്രീ ടെസ്റ്റ്, ഇടക്കാല വിലയിരുത്തൽ, പോസ്റ്റ് ടെസ്റ്റ് ഇവയ്ക്കുള്ള ചോദ്യങ്ങളുടെ/ടൂളുകളുടെ പ്രിന്റിങ്ങിനുള്ള ചെലവാണ് പ്രധാനമായും വരുന്നത്. പ്രീ ടെസ്റ്റിന് ചെലവായത് 100/- രൂപ

3 x 100 = 300/- രൂപ

(ഏകദേശം ചെലവ്)

**മോണിറ്ററിങ്ങ്**

സ്കൂൾതല പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതിനായി മാസത്തിൽ രണ്ടുതവണ എസ് ആർ ജി ചേരും. ഹെഡ്മാസ്റ്റർ ക്ലാസ് തല മോണിറ്ററിംഗ് നടത്തും.

**വിലയിരുത്തൽ**

**ഇടക്കാല വിലയിരുത്തൽ**

ഘട്ടം ഒന്നിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ശേഷമാണ് ഇടക്കാല വിലയിരുത്തൽ വരുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് ശേഷമുള്ള പുരോഗതി വിലയിരുത്തുന്നതിനായി ലക്ഷ്യം ഒന്ന് സാധൂകരിച്ചോ എന്ന് അളക്കാനുതകുന്ന ടൂളുകളാണ് നിർമ്മിക്കുക.

**പോസ്റ്റ് ടെസ്റ്റ്**

മേൽപ്പറഞ്ഞിരിക്കുന്ന 3 ലക്ഷ്യങ്ങളും പ്രവർത്തികമായോ എന്നറിയാനുതകുന്ന തരത്തിലുള്ള ടൂളുകളാണ് ഉണ്ടാക്കജെശ. ബന്ധപ്പെട്ട അധ്യാപകർ പ്രസ്തുത ടൂളുകൾ ഉണ്ടാക്കുകയും എസ് ആർ ജി ചേർന്ന് ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യണം.

ഈ പ്രോജക്റ്റിന്റെ വിലയിരുത്തൽ ഘട്ടങ്ങളിലും പ്രവർത്തനങ്ങൾ നടക്കുന്ന കാലയളവിലും പ്രോജക്ടിന്റെ തുടക്കത്തിലും CPTA വിളിച്ചു കാര്യങ്ങൾ വിശദീകരിക്കുന്നു. വിവിധ ഘട്ടങ്ങളുടെ ഇടയിൽ വീട്ടിൽ നിന്നും പിന്തുണ നൽകാൻ രക്ഷിതാക്കളെ സഹായിക്കുന്ന രീതിയിൽ CPTA യിൽ ക്ലാസുകൾ നൽകുന്നു.